27-5-2021-ലെ സ.ഉ.(സാധാ) നമ്പർ 1496/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം കൊല്ലം കോടതി സമുച്ചയത്തിന്റെ പ്രാഥമിക ഘട്ടത്തിന്റെ നിർമാണത്തിന് (2 നില) 10 കോടി രൂപ ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രാഥമികഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ള 2 നിലകളിൽ മോട്ടോർ ആക്സിഡന്റഡ് ക്ലെയിംസ് ട്രൈബ്യൂണലും ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-1 കോടതിയും അഡ്വക്കേറ്റ് ക്ലർക്ക് റൂം, ലേഡി അഡ്വക്കേറ്റ് റൂം, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി എന്നീ ഓഫീസുകളും ഡൈനിംഗ് റൂമുകൾ, ക്യാന്റീൻ, സെക്യൂരിറ്റി റൂം, പാർക്കിംഗ്, ടോയ്ലെറ്റുകൾ തുടങ്ങിയവയും ഉൾപ്പെടുന്നു.

മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി

118 (3145) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 61-ാമതായിട്ടാണ് കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രാധാന്യമനുസരിച്ച് മുൻഗണനാലിസ്റ്റിൽ നിന്ന് കോടതികൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

(ബി) ഇതിനായി മഞ്ചേശ്വരം ഹൊസബെട്ടു വില്ലേജിലെ ഭൂമി റവന്യൂ വകുപ്പിൽനിന്നും നീതിന്യായ വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ വർഷം മഞ്ചേശ്വരം മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്രവർത്തനമാരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഇല്ല. കാസർകോഡ് ജില്ലാ ജഡ്ജി 27-7-2019-ലെ കത്ത് പ്രകാരം കാസർകോഡ് ജില്ലാ കളക്ടറോട് മഞ്ചേശ്വരം താലൂക്കിലെ ഹൊസബട്ടു വില്ലേജിലെ റീ സർവ്വെ നമ്പർ 105/1 ആയിട്ടുള്ള 75 സെന്റ് സ്ഥലം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ജൂഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സും സ്ഥാപിക്കുന്നതിനായി കൈമാറ്റം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മുൻഗണനാലിസ്റ്റ് പ്രകാരം കോടതി സ്ഥാപിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly